Talented Bankers Literary Panel
പുസ്തക പരിചയം 152

പരിചയപ്പെടുത്തുന്നത്,
സുരേഷ് നാരായണൻ,
ധനലക്ഷ്മി ബാങ്ക്
കഞ്ഞികുഴി (ആലപ്പുഴ) ശാഖ.

ഉള്ളിലുള്ളവർ (യാത്രാ വിവരണം)
ഇ എം ഹാഷിം

ചിറകുകൾ ഒളിപ്പിച്ചുവെക്കാത്തവരുടെ പുസ്തകം

സൂഫിസത്തിന്റെ തലയിണയിൽ മുഖം ചേർത്തുറങ്ങുന്ന ഒരാളാണ് ഇ എം ഹാഷിം.

'സൂഫിസം- പ്രണയത്തിന്റെ വീഞ്ഞ്' എന്ന പുസ്തകത്തിൽ മുഴുക്കെ ആ 'സൂഫീപ്രസാദം' നിറഞ്ഞിരിക്കുന്നുണ്ട്.

'ഉള്ളിലുള്ളവരു'മായി അദ്ദേഹം വീണ്ടുമെത്തുമ്പോൾ,
നിറയെ പഴുത്തുപാകമായ ഫലങ്ങളുള്ള ഒരു വൃക്ഷം നടന്നു വരുന്നതു പോലെ തോന്നും!

സൂഫിസത്തിന്റെ കണ്ടൽക്കാടുകളിൽ ഒളിച്ചിരിക്കുന്ന 'മിന്നാമിനുങ്ങു മനുഷ്യരെ' അദ്ദേഹം നമുക്ക് ദൃഷ്ടിഗോചരമാക്കിത്തരുന്നു.
ഇടയ്ക്ക് സ്വജീവിതാനുഭവങ്ങളിലേക്ക് വഴുതിപ്പോകുന്നു;
എഴുതിപ്പോകുന്നു !

ധ്യാനാത്മകമായൊരു യാത്രാവിവരണമാണ് 'ഉള്ളിലുള്ളവർ'.
പുറപ്പെട്ടു തിരിച്ചെത്തിയിട്ടും വീണ്ടും യാത്ര തുടരുന്ന ഒരനുഭവം.

തൻറെ പ്രവാസകാലത്ത് പരിചയപ്പെട്ട മനുഷ്യർ .ഹൃദയ വാതിലുകൾ കിലുക്കി നൃത്തംചെയ്യുന്നവർ ! അവർക്കൊപ്പമുള്ള യാത്രാനുഭവങ്ങളുടെ ഓലപ്പീപ്പിയൂതുന്നു ഗ്രന്ഥകാരൻ!

ഏകമകൻ ഖുസ്രുവിൻറെ മരണം 'എന്റെ മകൻ ദൈവത്തിന് പ്രിയപ്പെട്ടവനായി' എന്നവതരിപ്പിച്ച പാകിസ്ഥാനി ആയ ഉമ്മർ നവാബ്

ഒരുരസലോടെ കടന്നുവന്ന് പിന്നീട് അനുജന്റെ സ്നേഹം പിടിച്ചു വാങ്ങി,അപൂർണമായ ജീവിതം ക്യാൻസറിന്റെ ഞണ്ടുകൾക്കെറിഞ്ഞുകൊടുത്തു മറഞ്ഞു പോയ കിരൺ,

രണ്ടു വർഷക്കാലം ഒരുമിച്ചു താമസിച്ചിട്ടും അരമണിക്കൂറിലധികം

തികച്ചു സംസാരിക്കാത്ത അബ്ദുറഹ്മാൻ എന്ന പാകിസ്ഥാനി പാസ്പോർട്ടുള്ള ഇറാഖിയൻ,
(വെളിച്ചം അയാളുടെ ദൗർബല്യമായിരുന്നു.
അതുകൊണ്ടാകണം,
തിരിച്ചുപോകുമ്പോൾ അയാൾക്കു പാക്ക് ചെയ്യാൻ ബൾബുകൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ.)

20 വർഷത്തെ മൃഗവാസന നിറഞ്ഞ പട്ടാളജീവിതമുപേക്ഷിച്ച് ദുബായ്എക്സിബിഷൻ എന്ന ആഗ്രഹവുമായി നടക്കുന്ന മാത്യു ട്രങ്ക് എന്ന വിയറ്റ്നാംകാരൻ,

'ഞാനെത്ര ഭാഗ്യവാൻ; ഉറക്കം വരാത്ത രാത്രികൾ എനിക്കുണ്ടായിട്ടില്ല ഇതുവരെ' എന്ന നിസ്വാർത്ഥ മനസ്സോടെ ഏരിഞ്ഞുകത്തിയ എസ് വി എന്ന മെഴുകുതിരി ജന്മം,

212 പൂച്ചകളുടെയും 11 നായകളുടേയും രണ്ട് ആമകളുടെയും രാജ്ഞിയായ പെട്രാമുള്ളർ എന്ന ജർമൻകാരി,

ഫുക്കറ്റ് കുന്നിൻമുകളിലെ ബുദ്ധാശ്രമത്തിലെ ദിവ്യൻ,

ഒത്തിരിയാഗ്രഹിച്ച 'ഗോൾഡ് പെപ്പർ' എന്ന പുസ്തകം കയ്യിൽ വന്നുപെട്ട ആത്മഹർഷത്താൽ അറിയാതെ വിതുമ്പി പോയപ്പോൾ
'ഇത്ര വികാരാധീനനാകരുത്, നിയന്ത്രിക്കണം' എന്നുപറഞ്ഞ കസാൻ സാക്കിസിന്റെ നാട്ടുകാരനായ ഇവാൻ.

ഭ്രമണനൃത്തങ്ങളുടെ ഭ്രമാത്മകതയിലേക്ക് കൂട്ടിക്കൊണ്ടുപോയ തുർക്കിയിലെ സൂഫി സന്യാസി .

ഇവരെല്ലാം അനുഭവത്തിന്റെ പൊതിച്ചോറുകൾ ആവോളം കൊടുത്ത് ഗ്രന്ഥകാരനെ ഊട്ടി.

അതിൻറയെല്ലാം വെള്ളിവെളിച്ചം പേജുകളിലാവോളം പ്രസരിച്ചു കിടക്കുന്നു!

ഒരേ സമയം യാത്രികനും മാന്ത്രികനും ആവുന്ന
ഇരട്ട ജന്മം -ആ സഫലത ഈ ഗ്രന്ഥകാരനു മാത്രമവകാശപ്പെട്ടതാണ്.

മൗനത്തിന്റെയും സംഗീതത്തിന്റെയും പച്ചിലക്കാടുകളിലേക്കു ഗ്രന്ഥകാരൻ നമ്മെ കൂട്ടിക്കൊണ്ടു പോകുന്നുണ്ട്.
മൗനത്തിന്റെ ആഴം, അതിന്റെ അപാരത. ആത്മാവിന്റെ തേങ്ങലായ സംഗീതം. അതിൻറെ തൂവൽ തണുപ്പുകൾ.

"ഇങ്ങനെയും ചിലർ ഈ ഭൂമിയിൽ ജീവിച്ചിരിപ്പുണ്ടെന്നറിയുമ്പോഴാണ് മനുഷ്യർ തീർത്തും വ്യത്യസ്തരാണെന്നറിയുന്നത്.
ആ അറിവ് ജീവിതം ഒരു അത്ഭുതം തന്നെ എന്നു മനസ്സിലാക്കിത്തരുന്നു" എന്ന വാക്കുകളോടെ ഈ അപൂർവാനുഭവങ്ങളുടെ വിവരണം അപൂർണ്ണമായി ഹാഷിം അവസാനിപ്പിക്കുന്നു. റൂമിയുടെ മസ്നവി പോലെ!

ഡി സി ആണ് പ്രസാധകർ
വില : Rs. 90/-